# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.292 — 18-02-2013- ൽ മറുപടിയ്ക്ക്

### നഗരവികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ.എം. ഷാജി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | നഗര വികസനത്തിന് പൊതു സ്വകാര്യ പങ്കാളിത്തത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (എ) | നഗരവികസനത്തിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം ആലോചിച്ചു വരികയാണ്. |
| (ബി) | ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; | ബി) & (സി) | ഇതു സംബന്ധിച്ച് പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മാർക്കറ്റ് കോംപ്ളക്സ് വികസനം, വാണിജ്യ/വ്യാപാര സമുച്ചയങ്ങൾ, ബസ് ടെർമിനൽ കോംപ്ളക്സ്, കോംപോസെറ്റ് വികസനം, റോഡുകളും പാലങ്ങളും, പാർക്കിംഗ് പ്ലാസകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, കടലോര വികസനം, മത്സ്യ-മാംസ പച്ചക്കറി മാർക്കറ്റുകൾ, അമ്യൂസ്മെന്റ് പാർക്ക്, ഖരമാലിന്യ സംസ്കരണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാമെന്ന് കരുതുന്നു. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ; | | |
| (ഡി) | വിദേശ മലയാളികളുടെ നിക്ഷേപം എത്രത്തോളം ഇക്കാര്യത്തിൽ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (ഡി) | ഇക്കാര്യത്തിൽ വിദേശ മലയാളികളുടെ നിക്ഷേപം നല്ലരീതിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ